ബസ്സ്റ്റാന്റ് ഉദ്ഘാടനവും സിവിൽ സ്റ്റേഷൻ ശിലാസ്ഥാപനവും

കിളിമാനൂർ: കിളിമാനൂരിൽ പണി പൂർത്തിയാക്കിയ പ്രൈവറ്റ് ബസ്സ്റ്റാന്റിന്റെ ഉദ്ഘാടനവും കിളിമാനൂരിൽ അനുവദിച്ച മിനി സിവിൽ സ്റ്റേഷന്റെ ശിലാസ്ഥാപന കർമ്മവും 21ന് വൈകുന്നേരം 5 മണിക്ക് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ നിർവ്വഹിക്കും.

പ്രൈവറ്റ് ബസ്സ്റ്റാന്റിൽ നടക്കുന്ന ചടങ്ങിൽ അഡ്വ. എൻ.രാജൻ എം.എൽ.എ അദ്ധ്യക്ഷത വഹിക്കും. മന്ത്രിമാരായ എം.വിജയകുമാർ, കെ.പി.രാജേന്ദ്രൻ, അഡ്വ. എ.സമ്പത്ത് എം.പി തുടങ്ങിയവർ പങ്കെടുക്കും.

കെ.എസ്.എസ്.പി.യു നെല്ലനാട് യൂണിറ്റ് വാർഷികം

വെഞ്ഞാറമൂട്: കേരള സ്റ്റേറ്റ് സർവീസ് പെൻഷണേഴ്സ് യൂണിയൻ നെല്ലനാട് യൂണിറ്റ് വാർഷിക സമ്മേളനം നടന്നു. പഞ്ചായത്ത് പ്രസിഡന്റ് അനിതാ മഹേശൻ ഉദ്ഘാടനം ചെയ്തു. ജെ. പുഷ്കരൻനായർ അദ്ധ്യക്ഷത വഹിച്ചു.

ഭാരവാഹികളായി എ. അബ്ദുൽ ഹമീദ് (രക്ഷാധികാരി), പുഷ്കരൻനായർ (പ്രസിഡന്റ്), കെ. വിമല, എം. ഷാഹുൽ ഹമീദ് (വൈസ് പ്രസിഡന്റ്), എ.ആർ. ഗോവിന്ദപ്പിള്ള (സെക്രട്ടറി), സി. തുളസീധരൻ, പി. സോമൻ ഉണ്ണിത്താൻ (ജോയിന്റ് സെക്രട്ടറി), എസ്. അബ്ദുൽ ഖരീം (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

പെൻഷണേഴ്സ് യൂണിയൻ വാർഷിക സമ്മേളനം

മുടപുരം: കേരള സർവീസ് പെൻഷണേഴ്സ് യൂണിയൻ അഴൂർ പഞ്ചായത്ത് വാർഷിക സമ്മേളനം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ബി. മുത്തുസ്വാമിപിള്ള ഉദ്ഘാടനം ചെയ്തു. എ. ഹാരീദ്, കെ. ഭാസ്കരൻനായർ, രാമദാസ്, സദാശിവൻപിള്ള, കടയ്ക്കാവൂർ മാധവൻപിള്ള, സോമൻ, രാധമ്മ എന്നിവർ സംസാരിച്ചു. ഭാരവാഹികളായി കെ. സുധാകരൻ (പ്രസിഡന്റ്), വി. നടരാജൻ, സി. നാരായണൻ (വൈസ് പ്രസിഡന്റുമാർ), എ. ഹാരീദ് (സെക്രട്ടറി), എൻ. ബാലകൃഷ്ണൻ ഉണ്ണിത്താൻ, കെ.പി. ഭദ്രാമ്മ (ജോയിന്റ് സെക്രട്ടറിമാർ, കെ. ഭാസ്കരൻനായർ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

രണ്ടു രൂപയ്ക്ക് അരി: രേഖകൾ ഹാജരാക്കണം

കടയ്ക്കാവൂർ: നിർമ്മാണ മേഖലയിൽ പണിയെടുക്കുന്നവരും ക്ഷേമനിധിയിൽ അംഗങ്ങളുമായിട്ടുള്ള തൊഴിലാളികളെക്കൂടി സർക്കാർ രണ്ടു രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കയാണ്. പച്ച ബുക്ക്, പാസ് ബുക്ക്, റേഷൻ കാർഡ് എന്നിവയുടെയും കോപ്പി, കടനമ്പർ എന്നിവ ജില്ലാ ക്ഷേമനിധി ഓഫീസിൽ എത്തിക്കണം.

വീഴ്ച വരുത്തിയിട്ടുള്ളവർ 28ന് – അകം ജില്ലാ ഓഫീസറിൽ നിന്നും പ്രത്യേകം അനുമതിവാങ്ങി അടയ്ക്കേണ്ടതാണ്.

ശാർക്കര റസി. അസോസിയേഷൻ

ചിറയിൻകീഴ്: ശാർക്കര റസിഡന്റ്സ് അസോസിയേഷന്റെ വാർഷിക സമ്മേളനവും കുടുംബ സംഗമവും പഞ്ചായത്ത് പ്രസിഡന്റ് ആർ. സുഭാഷ് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ടി.കെ. ശങ്കർലാൽ അദ്ധ്യക്ഷത വഹിച്ചു.

കലാകായിക മത്സരത്തിൽ വിജയിച്ചവർക്കും ഉന്നതവിജയം കരസ്ഥമാക്കിയ കുട്ടികൾക്കുമുള്ള സമ്മാനദാനം ചിറയിൻകീഴ് എസ്.ഐ രാജ്കുമാർ നിർവഹിച്ചു. എം. ദേവേഷ്, രാമദാസ്, അഡ്വ. പി.കെ. ഗോപിനാഥൻ, രാധാകൃഷ്ണൻ, ജിജി, ഷീജ തുടങ്ങിയവർ സംസാരിച്ചു.

വാമനപുരം ടൗൺ റസിഡന്റ്സ് അസോസിയേഷൻ

വെഞ്ഞാറമൂട്: വാമനപുരം ടൗൺ റസിഡന്റ്സ് അസോസിയേഷന്റെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് പത്മനി സോമശേഖരൻ നിർവഹിച്ചു. അസോസിയേഷൻ പ്രസിഡന്റ് വി. രവികുമാരൻനായർ അദ്ധ്യക്ഷത വഹിച്ചു. ഡിവൈ.എസ്.പി രാജേന്ദ്രൻ, വെഞ്ഞാറമൂട് സി. ഐ ബി. സുരേഷ്കുമാർ, എസ്.ഐ ബിനുകുമാർ, ഉണ്ണി ആറ്റിങ്ങൽ, അംബിക, ഷൗക്കത്തലി, എന്നിവർ സംസാരിച്ചു. അഡ്വ. വി.എസ്. ഉദയകുമാർ സ്വാഗതവും വി. ബാലചന്ദ്രൻ റിപ്പോർട്ടും എസ്. അനിൽ കൃതജ്ഞതയും പറഞ്ഞു.

ഏറത്തുവീട് നാഗരുകാവിൽ

വെഞ്ഞാറമൂട്: മാണിക്യമംഗലം ഏറത്തുവീട് നാഗരുകാവ് ദേവീക്ഷേത്രത്തിലെ ഉത്സവം 13, 14 തീയതികളിൽ നടക്കും.

ഒന്നാം ദിവസം രാവിലെ 9ന് നൂറും പാലും ഊട്ട്, 11.30ന് അന്നദാനം, രാത്രി 9.30ന് നാടകം അമ്മയുടെ കൈയൊപ്പ്. രണ്ടാം ദിവസം രാവിലെ 9ന് പൊങ്കാല, രാത്രി 10ന് നാടകം നീലപ്പൊൻമാൻ, ഒരുമണിക്ക് ധിം ചിരികിടതോം.

മാണിക്ക്യമംഗലം മാടൻ തമ്പുരാൻ ക്ഷേത്രം

വെഞ്ഞാറമൂട്: മാണിക്കമംഗലം വലിയവീട്ടിൽ മാടൻതമ്പുരാൻ ക്ഷേത്രത്തിലെ ഉത്സവം 14ന് ആരംഭിച്ച് 20ന് സമാപിക്കും.

ഒന്നാം ദിവസം ഉച്ചയ്ക്ക് 2ന് തൃക്കൊടിയേറ്റ്, രണ്ടാം ദിവസം രാവിലെ 11.30ന് സമൂഹസദ്യ, മൂന്നാംദിവസം രാവിലെ 9ന് സമൂഹപൊങ്കാല, 11ന് ആയില്യം ഊട്ട്, അഞ്ചാം ദിവസം വൈകിട്ട് 5ന് പൗർണമി പൊങ്കൽ, രാത്രി 9ന് നാടകംമായ ക്കാഴ്ച. ആറാം ദിവസം കോമഡി ഷോ കോമഡി കഫേ, ഏഴാം ദിവസം രാത്രി 9.30ന് ഗാനമേള.

നികുതി പിരിവ് യജ്ഞം

വെഞ്ഞാറമൂട്: പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ നികുതി പിരിവ് യജ്ഞം ആരംഭിച്ചു. 2010 – 11 വർഷം വരെ ഉള്ള കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ 28 വരെ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ സ്വീകരിക്കുമെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

ഉത്സവമേഖലയായി പ്രഖ്യാപിച്ചു

മുടപുരം: മാർച്ച് 2 മുതൽ 10 വരെ മുടപുരം തെങ്ങുംവിള ഭഗവതി ക്ഷേത്രത്തിൽ കുംഭ ഭരണി മഹോത്സവം നടക്കുന്നത് പ്രമാണിച്ച് ക്ഷേത്രത്തിനു ചുറ്റുമുള്ള അഞ്ച് കിലോമീറ്റർ പ്രദേശം ജില്ലാ കളക്ടർ ഉത്സവമേഖലയായി പ്രഖ്യാപിച്ചു.

ചക്കമത്ത് ക്ഷേത്രത്തിൽ

ചിറയിൻകീഴ്: ചക്കമത്ത് ദുർഗാദേവി ക്ഷേത്രത്തിലെ ഉത്സവം 12 മുതൽ 14 വരെ നടക്കും. ദിവസവും വിശേഷാൽ പൂജകൾക്കു പുറമെ സമൂഹസദ്യയും ഉണ്ടാകും. രണ്ടാം ദിവസം വൈകിട്ട് ഭരതനാട്യം, തുടർന്ന് വാമൊഴിക്കൂട്ടം വരവിളിക്കൊട്ട് എന്ന പരിപാടിയും അവതരിപ്പിക്കും. സമാപന ദിവസം രാവിലെ സമൂഹ പൊങ്കാല, ഉച്ചയ്ക്ക് പറയ്ക്കെഴുന്നള്ളത്ത്, തുടർന്ന് ശ്രീമാൻ കോമഡി ആന്റ് ജെംബോ ഡാൻസ് വിത്ത് ഫയർ ഷോ നടക്കും. രാത്രി 9 മുതൽ നാടകം.

പി. ശശിക്കെതിരായ ആരോപണം അന്വേഷിക്കണമെന്ന്

കടയ്ക്കാവൂർ: സി.പി.എം കണ്ണൂർ ജില്ലാ സെക്രട്ടറിയായിരുന്ന പി. ശശിക്കെതിരെ ഉയർന്നിരിക്കുന്ന ആരോപണങ്ങളെപ്പറ്റി ശക്തമായ അന്വേഷണം നടത്തണമെന്ന് യൂത്ത് കോൺഗ്രസ് വക്കം മണ്ഡലം കമ്മിറ്റി സർക്കാരിനോട് ആവശ്യപ്പെട്ടു.

അഴൂർ ഭഗവതിക്ഷേത്രം

ചിറയിൻകീഴ്: അഴൂർ ഭഗവതി ക്ഷേത്രത്തിലെ പഞ്ചലോഹ വിഗ്രഹ പ്രതിഷ്ഠാവാർഷികം 11ന് നടക്കും. രാവിലെ 6ന് രാമായണ പാരായണം, ഉച്ചയ്ക്ക് 11ന് അന്നദാനം, വൈകിട്ട് 5ന് ഭഗവതിസേവ, തുടർന്ന് ശീവേലി എന്നിവ നടക്കും.

സംഗീതസദസ്സ്

വർക്കല: ശ്രീനടരാജ സംഗീത സഭയുടെ പ്രതിമാസപരിപാടിയുടെ ഭാഗമായി 12ന് വൈകിട്ട് 5.30ന് വർക്കല ഗുരുനാരായണ ഗിരിയിൽ ശൗരിനാഥ് മോഹൻ അവതരിപ്പിക്കുന്ന സംഗീതസദസ്സ് ഉണ്ടായിരിക്കും.

ആന നേർച്ചയ്ക്ക്

വർക്കല: റെയിൽവേസ്റ്റേഷൻ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലെ ഉത്സവം പ്രമാണിച്ച് മാർച്ച് 27–ാംതീയതി നടക്കുന്ന ആറാട്ട് ഘോഷയാത്രയിൽ നേർച്ചയായി ആനയെ എഴുന്നള്ളിക്കാൻ താത്പര്യമുള്ളവർ 9539398511 എന്ന നമ്പരിൽ ബന്ധപ്പെടണം.

ട്രീറ്റ്മെന്റ് പണി പാതിവഴിയിൽ മുദാക്കലിൽ ജലക്ഷാമം

ആറ്റിങ്ങൽ: മുദാക്കൽ പഞ്ചായത്തിൽ കടുത്ത കുടിവെള്ള ക്ഷാമം. കുടിവെള്ളം തലച്ചുമടായി കൊണ്ടുവന്ന് പൊറുതിമുട്ടിയ നാട്ടുകാർ തഹസിൽദാരെ തടഞ്ഞു. കഴിഞ്ഞ വേനലിൽപ്രശ്നം അവതരിപ്പിച്ചതാണ്. ടാങ്കുകളിൽ കുടിവെള്ളം എത്തിക്കാമെന്ന് സമരക്കാർക്ക് ഉറപ്പും കിട്ടി. എന്നിട്ടും അധികൃതർ യാതൊരു നടപടിയും ഇതുവരെയും കൈക്കൊണ്ടില്ല.

മുദാക്കൽ പഞ്ചായത്തിനും കഠിനംകുളം പഞ്ചായത്തിലും മുഴുവൻ സമയം വെള്ളം എത്തിക്കുന്നതിനായി ആറുവർഷം മുൻപ് മുദാക്കൽ കഠിനംകുളം പദ്ധതി എന്ന പേരിൽ സർക്കാർ പണിആരംഭിച്ച ജലവിതരണ പദ്ധതി ഇതുവരെയും എങ്ങും എത്താത്തതുകൊണ്ടാണ് ഇവിടെ കുടിവെള്ള പ്രശ്നം പരിഹരിക്കാനാവാത്തത്.

മുദാക്കൽ വാളക്കാട് ഊരൂപൊയ്ക റോഡിൽ കുന്നുനടയിൽ നിർമ്മിച്ചിരിക്കുന്ന ട്രീറ്റ്മെന്റ് പ്ളാന്റിന്റെ ഇന്നത്തെ അവസ്ഥ ഏറെ കഷ്ടമാണ്

ഒന്നരകോടിയിലധികം ചെലവിട്ട് നിർമ്മിച്ച വലിയ ട്രീറ്റ്മെന്റ് പ്ളാന്റ് കെട്ടിടത്തിനു ചുറ്റും ആളടുക്കാനാവാത്തവിധത്തിൽ കാടുകയറിക്കിടക്കുകയാണ്. ചുറ്റുമതിലുണ്ട്. ഗേറ്റില്ല.

കാട് വകുന്നുമാറ്റിവേണം കെട്ടിടത്തിനു സമീപം എത്താൻ. അവിടമാകെ മദ്യക്കുപ്പികളും അടുപ്പുകൂട്ടിയ കല്ലുകളും കോഴിയുടെ തൂവലും മറ്റും ചിതറിക്കിടക്കുകയാണ്. വെള്ളം ഫിൽട്ടർ ചെയ്ത് വിതരണം ചെയ്യാനായി മൂന്ന് വലിയ ടാങ്കുകളുണ്ടിവിടെ. അതിൽ മഴവെള്ളം കെട്ടിനിന്ന് പായൽ പിടിച്ചു കിടക്കുകയാണ്. ആരെയെങ്കിലും അടിച്ചുകൊന്ന് ടാങ്കിൽ താഴ്ത്തിയാൽ പോലും ആരും അറിയാത്ത അവസ്ഥയാണ്.

കെട്ടിടത്തിന്റെ മുൻവാതിൽ പൂട്ടിക്കിടക്കുകയാണെങ്കിലും അഴികളില്ലാത്ത ജനാലകൾ തുറന്നുകിടക്കുകയാണ്. അതുവഴി ആർക്കുവേണമെങ്കിലും കെട്ടിടത്തിൽ കടക്കാം. കെട്ടിടത്തിനുള്ളിൽ സ്ഥാപിച്ചിരിക്കുന്ന യന്ത്ര സാമഗ്രികൾ ഭൂരിഭാഗവും തുരുമ്പിച്ചുകഴിഞ്ഞു. ഇതിൽ പലതും മോഷണം പോയിട്ടുള്ളതായും സംശയമുണ്ട്.

അമ്പതു സെന്റ് പുരയിടത്തിൽ നിർമ്മിച്ചിരിക്കുന്ന ഈ ട്രീറ്റ്മെന്റ് പ്ളാന്റ് ഇന്ന് സാമൂഹ്യ വിരുദ്ധരുടെ സുഖവാസ കേന്ദ്രമായി മാറിയിരിക്കുകയാണെന്ന് നാട്ടുകാർ പറഞ്ഞു.

ഈ കുടിവെള്ള പദ്ധതിയിലേക്ക് വാമനപുരം നദിയിൽ അയിലം ഭാഗത്ത് പമ്പു ഹൗസ് നിർമ്മിച്ച് വെള്ളം എത്തിക്കാനായിരുന്നു പദ്ധതി. എന്നാൽ ഇതുവരെയും പമ്പു ഹൗസ് നിർമ്മിച്ചിട്ടില്ല. റോഡ് കുഴിച്ച് എല്ലായിടത്തേക്കും വലിയ പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. അതുപോലെ വെട്ടുറോഡുവഴി കഠിനം കുളത്തേയ്ക്കും പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെന്നാണ് അറിയുന്നത്. മുദാക്കലിലെമാത്രം കാര്യമെടുത്താൽ 43,000 പേർക്ക് ഗുണം ചെയ്യുന്ന പദ്ധതിയാണ് ഒരുവർഷം മുൻപ് നിലച്ചത്.

പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ ഇനിയും ഒന്നരക്കോടിരൂപയെങ്കിലും വേണ്ടിവരുമെന്നാണ് അറിയുന്നത്. യന്ത്ര സാമഗ്രികളുടെ കേടുപാടുകൾ തീർക്കാൻ വേറെയും പണം വേണ്ടിവരും.

അധികൃതരുടെ ശ്രദ്ധ അടിയന്തരമായി മുദാക്കലിലെ കുടിവെള്ള പ്രശ്നത്തിൽ പതിഞ്ഞില്ലെങ്കിൽ ജനത്തിന്റെ പ്രതികരണം ഏതു വിധത്തിലാകുമെന്ന് പറയാൻ സാധിക്കില്ലെന്ന് സാമൂഹ്യ പ്രവർത്തകർ പറഞ്ഞു.

ട്രീറ്റ്മെന്റ് പ്ളാന്റിന്റെ ടാങ്കിൽ മഴവെള്ളം കെട്ടി പായൽ പിടിച്ച നിലയിൽ.

ലൈൻമാനെ പൂട്ടിയിട്ടതായി പരാതി

കഴക്കൂട്ടം: വൈദ്യുതി തകരാറ് പരിഹരിക്കാത്തതിന്റെ പേരിൽ കണിയാപുരം കെ.എസ്.ഇ.ബി സെക്ഷനിലെ രണ്ട് ലൈൻമാൻമാരെ മത്സ്യ സംസ്കരണ പ്ളാന്റിൽ പൂട്ടിയിട്ടതായി പരാതി. പുത്തൻതോപ്പിലുള്ള യൂറോ മറൈൻ മത്സ്യ സംസ്കരണ പ്ളാന്റിലാണ് സംഭവം.

കറണ്ടില്ലെന്ന് അറിയിച്ചതിനെത്തുടർന്ന് സജീഷ്കുമാർ, ചന്ദ്രമോഹനൻനായർ എന്നിവർ രാത്രി പത്തോടെ പ്ളാന്റിലെത്തി പരിശോധിച്ചു. എന്നാൽ 11 കെ.വിയുടെ തകരാറായതിനാൽ തങ്ങൾക്ക് പരിഹരിക്കാൻ നിർവാഹമില്ലെന്ന് പറഞ്ഞു. പ്ളാന്റ് അധികൃതർ തകരാറ് പരിഹരിച്ചിട്ട് പോയാൽ മതിയെന്ന് പറഞ്ഞ് ഇരുവരെയും അകത്താക്കി ഗേറ്റ് പൂട്ടുകയായിരുന്നു.

ഇടിമിന്നലിൽ യുവതിക്ക് പരിക്ക്

കല്ലറ: ഇടിമിന്നലിൽ പരിക്കേറ്റ യുവതിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഭരതന്നൂർ കൈതപ്പച്ച അജിത മൻസിലിൽ ഷാമിന (28) യ്ക്കാണ് പരിക്കേറ്റത്. കഴിഞ്ഞ ദിവസം വൈകിട്ട് വീടിനടുത്തുള്ള റബർ തോട്ടത്തിൽ ജോലിചെയ്യുകൊണ്ട് നിൽക്കുന്നതിനിടയിലാണ് അപകടം.

പെരുങ്ങുഴി സ്റ്റേഷനെ അവഗണിക്കരുതേ

ചിറയിൻകീഴ്: പെരുങ്ങുഴി റെയിൽവേ സ്റ്റേഷനെ അധികൃതർ അവഗണിക്കുന്നത് പ്രദേശത്തിന്റെ വികസനത്തെ പിറകോട്ടടിക്കുന്നു. ചിറയിൻകീഴ് താലൂക്കിൽ പ്രൈവറ്റ് ബസ് സർവീസ് ഇല്ലാത്ത സ്ഥലത്തെ സ്റ്റേഷനായിട്ടുപോലും അടിസ്ഥാന വികസന പ്രവർത്തനങ്ങൾ പോലും ഇന്നേവരെ നടത്തിയിട്ടില്ല. അഴൂർ, ചിലമ്പ്, ശാസ്തവട്ടം, മാടൻവിള തുടങ്ങിയ പ്രദേശത്തെ ജനങ്ങൾ ഈ സ്റ്റേഷനെയാണ് ആശ്രയിക്കുന്നത്.

മീറ്റർഗേജ് ആയിരുന്ന സമയത്തുള്ള പ്ളാറ്റ്ഫോം പൊക്കം കൂട്ടാത്തതിനാൽ യാത്രക്കാർക്ക് ട്രെയിനിൽ കയറാനും ഇറങ്ങാനും നന്നേ പണിപ്പെടണം. സ്ത്രീകളും കുട്ടികളും ഇവിടെ ഉരുണ്ടുവീഴുന്നതും പതിവാണ്. പാത ഇരട്ടിപ്പിക്കലിനോടനുബന്ധിച്ച് നിർമ്മിച്ച രണ്ടാം പ്ളാറ്റ്ഫോമിലെമേൽക്കൂര യാത്രക്കാർക്ക് വേണ്ട രീതിയിൽ പ്രയോജനപ്പെടുന്നില്ല.

ഫുട് ഓവർബ്രിഡ്ജ് ഇല്ലാത്തതുകാരണം യാത്രക്കാർക്കുന്നാം പ്ളാറ്റ്ഫോമിൽനിന്ന് രണ്ടാം പ്ളാറ്റ്ഫോമിൽ എത്താൻ ഏറെ ബുദ്ധിമുട്ടുന്നു. പ്ളാറ്റ്ഫോമിനും റെയിൽവേ ഗേറ്റിനും ഇടയ്ക്ക് നടപ്പാതയില്ലാത്തതും സ്ട്രീറ്റ് ലൈറ്റ് ഇല്ലാത്തതും സന്ധ്യസമയത്ത് ഇതുവഴിയുള്ള യാത്ര ദുരിതമാക്കുന്നു.

പ്രതികരണം

കോൺട്രാക്റ്റ് സ്റ്റേഷനായ പെരുങ്ങുഴിയെ റെയിൽവേ ബോർഡ് ഏറ്റെടുക്കണം. ദീർഘദൂര ട്രെയിനായ മലബാർ എക്സ്പ്രസിന് പെരുങ്ങുഴിയിൽ സ്റ്റോപ്പ് അനുവദിക്കണം.

വി. പ്രജോധനൻ, മുൻ പഞ്ചായത്ത് മെമ്പർ

പ്ളൈവുഡ് കയറ്റിപ്പോയ മിനിലോറിവെഞ്ഞാറമൂട്ടിൽ കൊപ്പം മഞ്ചാടിമൂടിന് സമീപം കഴിഞ്ഞ ദിവസം രാത്രിമറിഞ്ഞപ്പോൾ

എൽ.ഡി.എഫിന്റെ നേതൃത്വത്തിൽ പള്ളിക്കൽ പോസ്റ്റോഫീസ് ഉപരോധിച്ചു

കിളിമാനൂർ: വിലക്കയറ്റത്തിനെതിരെ എൽ.ഡി.എഫിന്റെ നേതൃത്വത്തിൽ പളിക്കൽ പോസ്റ്റോഫീസിന് മുന്നിൽ നടന്ന ഉപരോധം സി.പി.ഐ ജില്ലാ അസിസ്റ്റന്റ് സെക്രട്ടറി വെഞ്ഞാറമൂട് ശശി ഉദ്ഘാടനം ചെയ്തു. എം.എ.റഹിം സ്വാഗതം പറഞ്ഞു. അഡ്വ. മടവൂർ അനിൽ അദ്ധ്യക്ഷത വഹിച്ചു. അഡ്വ. ജി.രാജു, അഡ്വ. എസ്.ഷാജഹാൻ, അഡ്വ. താജുദ്ദീൻ അഹമ്മദ്, എം.ആർ.മണി, രഞ്ജിത്, അൻസാരി തുടങ്ങിയവർ സംസാരിച്ചു.

പള്ളിക്കൽ പോസ്റ്റോഫീസിന് മുന്നിൽ നടന്ന എൽ.ഡി.എഫ് ഉപരോധം വെഞ്ഞാറമൂട് ശശി ഉദ്ഘാടനം ചെയ്യുന്നു

ക്ഷീരസംഘം സെക്രട്ടറിക്ക് മർദ്ദനം : ഒരാൾ അറസ്റ്റിൽ

കല്ലമ്പലം: രാത്രിയിൽ ക്ഷീരസംഘം ഓഫീസിൽ കയറി സെക്രട്ടറിയെ മർദ്ദിച്ച കേസിൽ ഒരാളെ അറസ്റ്റ് ചെയ്തു. കല്ലമ്പലം പാവല്ല സ്കൂളിന് സമീപം കാവുവിള വീട്ടിൽ അജയനെ(30)യാണ് അറസ്റ്റ് ചെയ്തത്. ഇക്കഴിഞ്ഞ 7ന് രാത്രി പാവല്ല ക്ഷീര സഹകരണസംഘത്തിൽ കയറി സെക്രട്ടറി പേഴുവിള വീട്ടിൽ ഷിജു (34)വിനെ ദേഹോപദ്രവം ഏൽപ്പിച്ച കേസിലാണ് ഇയാളെ അറസ്റ്റ് ചെയ്തത്. ഒരാൾ ഒളിവിലാണ്.

ഇടത് സർക്കാർ പാവങ്ങളോട് നന്ദികേട് കാണിക്കുന്നു: വർക്കല കഹാർ

തിരുവനന്തപുരം: ഒട്ടിയ വയറുകളും മെലിഞ്ഞുണങ്ങിയ കൈകളും ചുംബിച്ച് അധികാരത്തിൽ കയറിയ ഇടതു സർക്കാർ കഴിഞ്ഞ അഞ്ചുവർഷക്കാലം ആ പാവങ്ങളെ മറന്ന് നന്ദികേട് കാണിക്കുകയാണ് ചെയ്തതെന്ന് വർക്കല കഹാർ (കോൺഗ്രസ്) നിയമസഭയിൽ പറഞ്ഞു.

നന്ദിപ്രമേയത്തെ എതിർക്കുകയായിരുന്നു അദ്ദേഹം. നന്ദികാണിക്കാത്ത സർക്കാരിന് എങ്ങനെ നന്ദി പ്രകടിപ്പിക്കും. തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കാൻ ഇനി 15 ദിവസം പോലുമില്ല. ഈ സർക്കാരാകട്ടെ 90 തികയ്ക്കുകയുമില്ല. അങ്ങനെയുള്ള സർക്കാർ നയപ്രഖ്യാപനത്തിലെ ഒന്നും നടപ്പാക്കാൻ പോകുന്നില്ല. 75 കഴിഞ്ഞ നാണിത്തള്ളയുടെ കൈ നോക്കി സന്താന സൗഭാഗ്യം വരുമെന്ന് കുഞ്ഞവറാച്ചൻ പറയുന്നതുപോലെയാണ് ഈ സർക്കാർ പദ്ധതികൾ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചത്.

കോഴി അതിന്റെ ജീവിതത്തിൽ ഏറ്റവും നന്നായി പറക്കുന്നത് കഴുത്ത് കണ്ടിക്കുമ്പോഴാണ്. ഈ സർക്കാരിന്റെയും അവസാന പറക്കലാണ് ഇപ്പോൾ നടക്കുന്നതെന്ന് വർക്കല കഹാർ പറഞ്ഞു.

ഇംഗ്ലീഷ് ഫെസ്റ്റ് സമാപിച്ചു

ആറ്റിങ്ങൽ : ആറ്റിങ്ങൽ ബി.ആർ.സി ആവിഷ്കരിച്ച 'ഇംഗ്ളീഷ് ഫെസ്റ്റ് 2011' ആറ്റിങ്ങൽ കുന്നുവാരം യു.പി.എസ്സിൽ നടന്നു.

ആറ്റിങ്ങൽ നഗരസഭാ ചെയർപേഴ്സൺ അഡ്വ. എസ്.കുമാരി ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. ആറ്റിങ്ങൽ എ.ഇ.ഒ വി.സുലേഖ, ബി.ആർ.സി ബി.പി.ഒ സുചിത്ര, കെ.അമ്പികാദേവി എന്നിവർ പ്രസംഗിച്ചു.

ഉച്ചയ്ക്കുശേഷം നടന്ന സമാപന സമ്മേളനംനഗരസഭാ വൈസ് ചെയർമാൻ എം.പ്രദീപ് ഉദ്ഘാടനം ചെയ്തു. വി.ശങ്കരനുണ്ണി, ലത, ജി.ആർ.മധു എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ വൈസ് ചെയർമാൻ സമ്മാനങ്ങൾ വിതരണം ചെയ്തു.

ആറ്റിങ്ങൽ നഗരസഭാ പരിധിയിലുള്ള 11 സ്കൂളുകൾ മൽസരങ്ങളിൽ പങ്കെടുത്തു. യു.പി വിഭാഗത്തിൽ ആറ്റിങ്ങൽ ഡയറ്റ് സ്കൂൾ ഓവറാൾ ചാമ്പ്യന്മാരായി. എൽ.പി.വിഭാഗത്തിൽ അവനവഞ്ചേരി ഗവ. ഹയർ സെക്കൻഡറി സ്കൂൾ ഓവറാൾ നേടി.

ഇംഗ്ലീഷ് ഫെസ്റ്റ് 2011 സമാപന സമ്മേളനം ആറ്റിങ്ങൽ നഗരസഭാ വൈസ് ചെയർമാൻ എം.പ്രദീപ് ഉദ്ഘാടനം ചെയ്യുന്നു.

പ്രതിഷേധ പ്രകടനം

കഴക്കൂട്ടം: പള്ളിപ്പുറത്ത് ടെക്നോസിറ്റിക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് സർക്കാർ അളന്ന് തിരിച്ചിട്ട ഭൂമി നൽകാത്തതിൽ പ്രതിഷേധിച്ച് ജനകീയ പ്രതിരോധ സമിതിയുടെ നേതൃത്വത്തിൽ പ്രതിഷേധ യോഗവും പ്രകടനവും നടത്തി.

ഏകദേശം നൂറിലധികം കുടുംബങ്ങളാണ് കുടിയൊഴിപ്പിക്കപ്പെട്ടത്. ഇവർക്ക് പദ്ധതി പ്രദേശത്തിനടുത്ത് 5 സെന്റ് വീതം നൽകുമെന്നാണ് സർക്കാർ പറഞ്ഞിരുന്നത്. പ്രതിരോധ സമിതി നേതാക്കളായ ഷാജർഖാൻ, സുൽഫി, തങ്കമണി, ജയറോസ് തുടങ്ങിയവർ നേതൃത്വം നൽകി.

തപാൽ വകുപ്പിലെ 2009 2010ൽ ഗ്രാമീണ തപാൽ ലൈഫ് ഇൻഷ്വറൻസിൽ (ആർ.പി.എൽ.ഐ) കേരള സർക്കിൾ തലത്തിലും സതേൺ റീജണൽ തലത്തിലും ഒന്നാം സ്ഥാനം കരസ്ഥമാക്കിയ മടവൂർ പള്ളിക്കൽ പോസ്റ്റോഫീസിലെ ജി.ഡി.എസ് ജീവനക്കാരനായ പി.ചന്ദ്രൻപിള്ള

മരുന്ന് വിതരണം

കടയ്ക്കാവൂർ: വക്കം ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ചിക്കൻപോക്സിനുള്ള പ്രതിരോധ ഹോമിയോ മരുന്ന് വക്കം ഗവ. ഹോമിയോ ആശുപത്രിയിൽ ഇന്ന് വിതരണം ചെയ്യും.

പഞ്ചായത്തിനും തിട്ടമില്ല വാർഡേതെന്ന്; വിദ്യാർത്ഥിനിയുടെ ഭാവി തുലാസിൽ

കിളിമാനൂർ: പൊരുന്തമൺ തുഷാരയിൽ തുളസീധരന്റെ മകൾആർദ്ര ജനറൽ മെഡിസിൻ വിദ്യാർത്ഥിനിയാണ്. ഇവരുടെ വീട് പുളിമാത്ത് പഞ്ചായത്തിലെ നാലാം വാർഡിലാണ്. നാലാം വാർഡിലുള്ളവർക്ക് വിദ്യാഭ്യാസ വായ്പ നൽകുന്നത് കിളിമാനൂരിലെ ഒരു ബാങ്കാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന തുളസീധരൻ മകൾക്ക് വിദ്യാഭ്യാസ ലോണിനായി പ്രസ്തുത ബാങ്കിനെ സമീപിച്ചു. ബാങ്കുകാർ ലോൺ തരാൻ തയ്യാറാണ്. ഇതിനായി രേഖകൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടു. ഇതനുസരിച്ച് ഉടമസ്ഥാവകാശവും താമസ സർട്ടിഫിക്കറ്റിനുമായി തുളസീധരൻ പുളിമാത്ത് പഞ്ചായത്തിനെ സമീപിച്ചു. റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ്, വീടിന്റെ പുതിയ നമ്പർ, വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നൽകിയ രേഖകൾ എന്നിവയൊക്കെയായിട്ടാണ് പഞ്ചായത്തിലെത്തിയത്. ഇതനുസരിച്ച് 16112010ൽ എ 3 8387/10 നമ്പർ പ്രകാരം താമസ സാക്ഷ്യ പത്രം പഞ്ചായത്തിൽ നിന്നും ലഭിച്ചു.ഇതിൽ മൂന്നാം വാർഡിൽ 470 എന്നും ബ്രാക്കറ്റിൽ പുതിയ4ാം വാർഡിൽ 189 എന്നും രേഖപ്പെടുത്തിയിരുന്നു. ഇതുമായി ബാങ്കിനെ സമീപിച്ചപ്പോഴാണ് പ്രശ്നങ്ങൾ ആരംഭിച്ചത്. റേഷൻ കാർഡിൽ 3ാം വാർഡ് ആണെന്നും ആയതിനാൽ ലോൺ തരാൻ കഴിയില്ലെന്നും ബാങ്കുകാർ പറഞ്ഞു. എന്നാൽ റേഷൻ കാർഡിൽ ഒഴികെ മറ്റെല്ലാ രേഖകളിലും 4ാം വാർഡെന്നാണ് രേഖപ്പെടുത്തിയിരുന്നത്.

ഇതേതുടർന്ന് ഇക്കഴിഞ്ഞ ജനുവരി 27ന് തുളസീധരൻ വീണ്ടും പഞ്ചായത്തിലെത്തി. അപ്പോഴും പഞ്ചായത്ത് ഒരു സർട്ടിഫിക്കറ്റ് നൽകി. അതിൽ 4–ാം വാർഡെന്ന ഭാഗം ഒഴിവാക്കി 3–ാം വാർഡിൽ 470 എന്ന് രേഖപ്പെടുത്തിയാണ് സർട്ടിഫിക്കറ്റ് ലഭിച്ചത്.



പഞ്ചായത്തിൽ നിന്നും നൽകിയ സർട്ടിഫിക്കറ്റുകൾ

മകളുടെ വിദ്യാഭ്യാസം തുലാസിലായതോടെ പഞ്ചായത്ത് പ്രസിഡന്റിനെയും ചില മെമ്പർമാരെയും സെക്രട്ടറിയെയും കണ്ട് തന്റെ പ്രശ്നങ്ങൾ അവതരിപ്പിച്ചു. തുടർന്ന് ഇന്നലെ സെക്രട്ടറി വീണ്ടുമൊരു സർട്ടിഫിക്കറ്റ് നൽകി. കെട്ടിടത്തിന് നൽകിയിരിക്കുന്ന നമ്പരുകളായ4/189ഉം 3/470ഉം ഒരേ നമ്പർ കെട്ടിടത്തിന്റേതാണെന്നാണ് പുതിയ സർട്ടിഫിക്കറ്റ്. ഈ സർട്ടിഫിക്കറ്റും ലോൺ ലഭിക്കുന്നതിന് ഉതകില്ലെന്ന് വ്യക്തം.

പഞ്ചായത്ത് അധികൃതർക്ക് ഒരു കെട്ടിടം ഏത്വാർഡിലാണെന്ന്തിരിച്ചറിയാൻ കഴിയാത്തതാണോ അതോബോധപൂർവ്വം പിന്നോക്ക സമുദായത്തിൽപ്പെട്ട ഒരുകുട്ടിയുടെ വിദ്യാഭ്യാസം തടസപ്പെടുത്താനുള്ള ആസൂത്രിതനീക്കമാണോ ഇതിനു പിന്നിലുള്ള തെന്നത് രക്ഷിതാക്കൾ സംശയിക്കുന്നു.